Veekshanam 01.02.2018

# കാർഷികസർവ്വകലാശാലയിൽ പുസ്തകോത്സവം ഇന്ന് തുടങ്ങും

വെള്ളാനിക്കര: കേരള കാർഷിക സർവ്വകലാശാലയുടെ ത്രിദിന ദേശീയ പുസ്തകോൽസവവും ചിത്ര പ്രദർശനവും ഇന്ന് രാവിലെ 9നു കേന്ദ്ര ലൈബ്രറിയിൽ തുടങ്ങും. ഉൽഘാടനം കഥാകൃത്ത് സന്തോഷ് എച്ചിക്കാനം നിർവ്വഹിക്കും. സി. ആർ. ദാസ് മുഖ്യ പ്രഭാഷണം നടത്തും. ശാസ്ത്ര സാങ്കേതികം, കൃഷി, വിദ്യാഭ്യാസം, സാഹിത്യം, ഭാഷ, വിനോദം, സിനിമ, ആരോഗ്യം, തുടങ്ങി എല്ലാ വിഷയങ്ങളിലുമുള്ള പ്രമുഖ ദേശീയ, അന്തർ ദേശീയ പ്രസാധകരുടെ ആയിരക്കണക്കിന് പുസ്തകങ്ങൾ മേളയിലുണ്ട്. പുസ്തകോൽസവത്തോടനുബന്ധിച്ച് കേരള ലളിത കലാ അക്കാദമിയുമായി സഹകരിച്ചു സംഘടിപ്പിച്ചിട്ടുള്ള ചിത്രപ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്.